പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5938 — 7.7.2014-ൽ മറുപടിക്ക്

**കോർപ്പറേഷനുകൾക്ക് ലഭിക്കുന്ന കേന്ദ്ര ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി. ഗീതാ ഗോപി | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | കോർപ്പറേഷനുകളുടെ വികസനാവശ്യങ്ങൾക്ക് കേന്ദ്രത്തിൽ നിന്ന് പ്രതി വർഷം എത്ര കോടി രൂപയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത് എന്നറിയിക്കുമോ ; | (എ) | തിരുവനന്തപുരം, കൊച്ചി എന്നീ കോർപ്പറേഷനുകളുടെ വികസനത്തിന് JNNURM പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കേന്ദ്രസഹായം ലഭിക്കുന്നത്. പ്രസ്തുത ധനസഹായം പ്രതിവർഷം ഒരു നിശ്ചിത തുകയായല്ല ലഭിക്കുന്നത്. ഏറ്റെടുക്കുന്ന വികസനപ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിന്റെ അടിസ്ഥാനത്തിൽ നാലു ഗഡുക്കളായാണ് ലഭിക്കുന്നത്. ഇതുവരെ ടി പദ്ധതിയിൽപ്പെടുത്തി തിരുവനന്തപുരം, കൊച്ചി എന്നീ കോർപ്പറേഷനുകൾക്ക് യഥാക്രമം 15921.65 ലക്ഷം, 15026.47 ലക്ഷം രൂപ വീതം ലഭിച്ചിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ ത്രിതല പഞ്ചായത്ത് ഇലക്ഷനു ശേഷം ഓരോ കോർപ്പറേഷനും എന്തു തുക വീതം കേന്ദ്രത്തിൽ നിന്ന് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | കഴിഞ്ഞ ത്രിതല പഞ്ചായത്ത് ഇലക്ഷനു ശേഷം തിരുവനന്തപുരം നഗരസഭക്ക് 4692.05 ലക്ഷം രൂപയും, കൊച്ചി നഗരസഭക്ക് 5721.39 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. |
| (സി) | കേന്ദ്ര ഫണ്ട് വിനിയോഗത്തിന് പ്രത്യേകമായ എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ കോർപ്പറേഷനുകളിലെ ഭരണസമിതികൾക്ക് നൽകാറുണ്ടോ; വ്യക്തമാക്കുമോ; | (സി) | കേന്ദ്രഫണ്ടുകൾ വിനിയോഗിക്കുന്നത് അതാത് പദ്ധതികളുടെ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ്. കോർപ്പറേഷനുകൾ ടി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് തുക ചെലവഴിച്ചു വരുന്നു. |
| (ഡി) | കോർപ്പറേഷനുകൾ ഏതെല്ലാം ആവശ്യങ്ങൾക്കാണ് പ്രസ്തുത കേന്ദ്ര ഫണ്ട് വിനിയോഗിച്ചതെന്ന് അറിയിക്കുമോ? | (ഡി) | താഴെപ്പറയുന്ന പദ്ധതികൾക്കാണ് തുക വിനിയോഗിച്ചിട്ടുള്ളത്,<br>1. ശുദ്ധജലവിതരണം<br>2. സിവറേജ് & സാനിട്ടേഷൻ<br>3. സ്റ്റോം വാട്ടർ ഡ്രയിനേജ്<br>4. ഖരമാലിന്യ നിർമ്മാർജ്ജനം<br>5. റോഡുകൾ<br>6. ആധുനിക ബസുകൾ<br>7. ഉപരിതല ജല നിർഗ്ഗമന പദ്ധതി<br>8. ഇ-ഗവേണൻസ്<br>9. ഹെറിറ്റേജ് പ്രോജക്ട്<br>10. ട്രാഫിക് & ട്രാൻസ്പോർട്ടേഷൻ |

സെക്ഷൻ ഓഫീസർ